


> സന്യാസം ഏറ്റവും വലിയ മതചിഹ്നമായി വരച്ചിട്ട ചരിത്ര സന്ധിയിലാണ്, സന്യാസം മതതീവ്രവാദമായും ആരാധനയിലെ അതിരുകവിയലായും വിശേഷിപ്പിച്ചുകൊണ്ട് പ്രവാചകൻ രംഗത്തുവരുന്നത്. സന്യാസം ആത്മാവിന്റെ മാത്രം മതമായിരുന്നപ്പോൾ ഇസ്‌ലാം ഒരേസമയം ആത്മാവിന്റെയും ശരീരത്തിന്റെയും മതമായിത്തീർന്നു. അതിതീവ്രമായ ആത്മീയതക്കും ഭൗതികതക്കും മധ്യേ സന്തുലിതമായ ഒരു ദർശനമായാണ് അത് പരിചയപ്പെടുത്തിയത്.

# മുഹമ്മദ് നബി
## മാനവികതയുടെ മാർഗദർശി

കവർസ്റ്റോറി ● കെ.വി ഇസ്ഹാഖ് ഒതളൂർ

**മാനവ** ചരിത്രത്തിലെ സർവാതിശയിയായ വ്യക്തിത്വമാണ് മുഹമ്മദ് നബിയുടേത്. അദ്ദേഹം ചരിത്രത്തിലെ ആദ്യത്തെയും അവസാനത്തെയും സമ്പൂർണ മനുഷ്യനാണ്. വ്യക്തിജീവിതത്തിലെയും സാമൂഹിക ജീവിതത്തിലെയും ആഴവും പരപ്പുമുള്ള ബഹുമുഖത്വമാണ് നബിതിരുമേനിയെ നിർണിതകള്ളികളിൽ ഒതുക്കാനുള്ള ഏതൊരു ശ്രമത്തെയും പരാജയപ്പെടുത്തുന്നത്. മതപരമായ ഒരു അവകാശവാദമെന്നതിനേക്കാൾ, ചരിത്രം സ്വയം പ്രകാശിപ്പിക്കുന്ന വസ്തുനിഷ്ഠ യാഥാർഥ്യമാണിത്.

ചരിത്രത്തിൽ പ്രവാചകൻ ഇടപെടുന്നത് അതിനെ മാറ്റിപ്പണിയുന്നതിനാണ്. മുഹമ്മദ് നബിക്ക് ജന്മം നൽകിയ ഏഴാം നൂറ്റാണ്ട് ലോകമാനവികതയെ സംബന്ധിച്ചേടത്തോളം ഇരുളടഞ്ഞതായിരുന്നു. ഭീകരമായൊരു പതനത്തിന്റെ അഗ്നികുണ്ഠത്തിനു നടുവിലായിരുന്നു ലോകം. മുഹമ്മദ് നബി സ്വന്തം നിയോഗത്തെ കുറിച്ച് നൽകുന്ന വിവരണം: “ഈ ലോകത്തിനു എത്തിച്ചു കൊടുക്കാൻ എന്നെ ഏൽപ്പിച്ച ദൗത്യവും മാർഗദർശനവും ഇപ്രകാരമാണ്: ഒരാൾ അൽപം തീ കൂട്ടി. ചുറ്റുവട്ടത്തും അത് പ്രകാശം ചൊരിഞ്ഞപ്പോൾ പ്രാണികൾ അതിൽ ചാടി വീണു. അതുപോലെ നിങ്ങളും തീയിൽ ചെന്നു ചാടാൻ ഒരുങ്ങുകയാണ്. പക്ഷേ ഞാൻ നിങ്ങളുടെ അരയിൽ പിടിച്ച്, ഒരിക്കലും കെട്ടടങ്ങാത്ത അഗ്നിയിൽ ചെന്നു പതിക്കുന്നതിൽ നിന്നു നിങ്ങളെ രക്ഷപ്പെടുത്തി” (മിശ്കാത്ത്).

ഒരു മഹാപ്രസ്ഥാനമായി വളർന്ന ഇസ്‌ലാമിന് വളരെ ലളിതമായൊരു തുടക്കമായിരുന്നു. ആത്മവിശുദ്ധിയുടെ ആന്തരിക ചൈതന്യത്താൽ നബിതിരുമേനി ചരിത്രത്തെയും കാലത്തെയും കീഴ്പ്പെടുത്തി. ഫ്രഞ്ച് തത്വചിന്തകനായ വോൾട്ട

യറുടെ 'ഒരാളും തന്റെ അംഗപരിചാരകർക്കു മുമ്പിൽ ഹീറോ ആകില്ല' എന്ന പ്രസ്താവം കൊണ്ട് പ്രവാചകനെ അളക്കുകയാണെങ്കിൽ, പ്രവാചകൻ ഈ സാമാന്യ പരികൽപനയെ അതിശയിക്കുന്നതു കാണാം. പ്രവാചകനെ ഏറ്റവും ആദ്യം സ്വീകരിച്ചതും ഇഷ്ടപ്പെട്ടതും സ്വന്തക്കാരും അദ്ദേഹത്തെ കൂടുതൽ അടുത്തറിയുന്നവരുമായിരുന്നു. കാരണം, അവരുടെ ഇടയിൽ ജനിച്ചു വളർന്ന മുഹമ്മദിനെ അവർക്ക് അത്രമാത്രം വിശ്വാസമായിരുന്നു. കളങ്കരഹിതമായ ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. അതുകൊണ്ടുതന്നെ പ്രവാചകത്വ പദവി ലഭിക്കുന്നതിനു മുമ്പ് മക്കയിലെ ജനങ്ങൾ നബിയെ 'വിശ്വസ്തൻ' എന്ന അർഥമുള്ള 'അൽഅമീൻ' എന്നാണ് വിളിച്ചിരുന്നത്. അത് കേവലം ആലങ്കാരിക വിശേഷണമായിരുന്നില്ല. നീതിയുക്തമായ സാമൂഹിക ഇടപെടലിന്റെ സാക്ഷ്യമായിരുന്നു. എച്ച്.ജി വെൽസ് എഴുതുന്നു: "മുഹമ്മദിനെ നന്നായി അറിയുന്നവരായിരുന്നു അദ്ദേഹത്തിൽ ഏറ്റവും നന്നായി വിശ്വസിച്ചത്. തന്റെ ജീവിതാവസാനം വരെ ഖദീജ അദ്ദേഹത്തെ വിശ്വസിച്ചു. അബൂബക്കർ കൂടുതൽ നല്ല സാക്ഷിയാണ്; തന്റെ അർപ്പണത്തിൽനിന്ന് ഒരിക്കലും അദ്ദേഹം പിന്നോട്ടടിച്ചില്ല. അക്കാലത്തെ പറ്റി പഠിക്കുന്ന ആർക്കും അബൂബക്കറിനെ വിശ്വസിക്കാതിരിക്കാനാവില്ല. സ്വന്തം ജീവിതം അപകടത്തിലാക്കികൊണ്ടാണ് അലി നബിയെ ഏറ്റവും വലിയ പ്രതിസന്ധിയിൽ സഹായിച്ചത്" (The Outline of History, p. 509 ).

പ്രശസ്ത അമേരിക്കൻ ആസ്ട്രോഫിസിസ്റ്റും എഴുത്തുകാരനും ഭൗതിക ശാസ്ത്ര പ്രഫസറുമായിരുന്ന മൈക്കിൾ എച്ച്. ഹാർട്ട്, ചരിത്രത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ നൂറു പേരെ ക്രമീകരിച്ചപ്പോൾ ഒന്നാം സ്ഥാനം നൽകിയത് മുഹമ്മദ് നബിക്കായിരുന്നു. അദ്ദേഹം എഴുതി: "മാനവ ചരിത്രത്തിൽ ഏറ്റവും സ്വാധീനമുള്ള വ്യക്തിയായി മുഹമ്മദിനെ തെരഞ്ഞെടുക്കാൻ എന്നെ ബാധ്യസ്ഥനാക്കിയത് മുഹമ്മദിന്റെ അനുപമമായ ഈ മത-ഭൗതിക സംയോജനമാണ്" (*പ്രബോധനം* മുഹമ്മദ് നബി വിശേഷാൽപതിപ്പ്, പേജ് 79). ഇസ്‌ലാം ഒരുവശത്ത് മത-ഭൗതിക സംയോജനമായിരുന്നപ്പോൾ, മറുവശത്ത് സത്യം, സമത്വം, സാഹോദര്യം, നീതി തുടങ്ങിയ എക്കാലത്തെയും മഹത്തായ മാനവിക മൂല്യങ്ങളുടെ പ്രകാശനമായിരുന്നു.

സന്യാസം ഏറ്റവും വലിയ മത ചിഹ്നമായി വരച്ചിട്ട ചരിത്ര സന്ധിയിലാണ്, സന്യാസം മതതീവ്രവാദമായും ആരാധനയിലെ അതിരുകവിയലായും വിശേഷിപ്പിച്ചുകൊണ്ട് പ്രവാചകൻ രംഗത്തുവരുന്നത്. സന്യാസം ആത്മാവിന്റെ മാത്രം മതമായിരുന്നപ്പോൾ ഇസ്‌ലാം ഒരേസമയം ആത്മാവിന്റെയും ശരീരത്തിന്റെയും മതമായിത്തീർന്നു. അതിതീവ്രമായ ആത്മീയതക്കും ഭൗതികതക്കും മധ്യേ സന്തുലിതമായ ഒരു ദർശനമായാണ് അത് പരിചയപ്പെടുത്തിയത്. മധ്യമ സമുദായമെന്നതാണ് ഇസ്‌ലാമിന്റെ സാമൂഹിക പരിപ്രേക്ഷ്യം. സന്യാസം ലോക വിരക്തി പഠിപ്പിക്കുന്നു. ആർഷ സംസ്കാരത്തിന്റെ പിന്തുടർച്ച അവകാശപ്പെടുന്ന ഭാരതീയ മതങ്ങൾ പുനർജന്മസിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് ജന്മം തന്നെ പാപമാണെന്നും മനുഷ്യന്റെ ആത്യന്തിക മോക്ഷം ജനിക്കാതിരിക്കലാണെന്നും സിദ്ധാന്തിക്കുന്നു. ലോകത്തെ മാറ്റുന്ന മാർഗ ദീപമായ ഇസ്‌ലാമിന് ഇത്തരം കാഴ്ചപ്പാടുകളെ മറികടക്കേണ്ടിയിരുന്നു. ദൈവത്തിനെന്നപോലെ ലോകർക്കും സാക്ഷികളാകാൻ ഇസ്‌ലാം വിശ്വാസികളോട് ആവശ്യപ്പെട്ടു. "ഐഹികജീവിതത്തിൽ നിന്റെ വിഹിതം നീ മറന്നു കളയരുത്" (ഖുർആൻ 28:77). ഭൗതിക ജീവിതത്തിലെ വിഹിതം ചിന്താ-കർമ-ജീവിതവുമായാണ് ബന്ധപ്പെട്ടുനിൽക്കുന്നത്. അത് ജീവിത വിരക്തിയെയല്ല, സാമൂഹിക ജീവിതത്തിലെ ധാർമിക വ്യവഹാരത്തെയാണ് തുറന്നുവെക്കുന്നത്. ഇതേകാര്യം ഖുർആൻ മറ്റൊരിടത്ത് വ്യക്തമാക്കുന്നുണ്ട്: "അവനാണ് ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്കായി സൃഷ്ടിച്ചേകിയത്" (2:29). മുഹമ്മദ് നബിയുടെ ജീവിതത്തിൽ ഭൗതികതയുടെയും ധാർമികതയുടെയും സമന്വയം ദർശിക്കാൻ കഴിയും. ലൗകിക വിരക്തരായ ഒരു വിഭാഗം അനുയായികളെ ആ ഉദ്യമത്തിൽനിന്ന് പിന്തിരിപ്പിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: "നിങ്ങളെക്കാൾ അല്ലാഹുവിനെ ഭയപ്പെടുന്നത് ഞാനാണ്. ഞാനാകട്ടെ നോമ്പെടുക്കുന്നു, നോമ്പെടുക്കാതിരിക്കുന്നു. രാത്രി നമസ്കരിക്കുന്നു, ഉറങ്ങുന്നു. വിവാഹം കഴിക്കുന്നു. മാംസം ഭക്ഷിക്കുന്നു. എന്റെ

**ഒരു സമൂഹത്തിന്റെ ചലനാത്മകത സമത്വം, സാഹോദര്യം, നീതി, സ്വാതന്ത്ര്യം തുടങ്ങിയ അടിസ്ഥാന മാനവിക മൂല്യങ്ങളോടുള്ള അതിന്റെ സമീപനത്തെ നോക്കിയാണ് വിലയിരുത്തപ്പെടുന്നത്. ഇസ്‌ലാം മാനവികതയെ ഏറ്റവും സമ്യക്കായ മാർഗരേഖയായി സ്വീകരിച്ചിട്ടുണ്ട്. ദൈവത്തിന്റെ ഏകത്വവും മാനവകുലത്തിന്റെ സാഹോദര്യവും താത്ത്വിക നിലപാടായി സ്വീകരിച്ചുകൊണ്ടുള്ള ഒരു പ്രപഞ്ചവീക്ഷണമാണ് അത് മുന്നോട്ടുവെക്കുന്നത്. പ്രവാചകന്റെ പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗം ഒരു മനുഷ്യാവകാശ പ്രഖ്യാപനം കൂടിയാണ്.**



ചര്യ ഇഷ്ടപ്പെടാത്തവൻ എന്നിൽ പെട്ട വനല്ല." ലോകത്തുനിന്ന് ഒളിച്ചോടുകയല്ല, ഇവിടെ ജീവിച്ചുകൊണ്ട് ധാർമികവും ദൈവകാരുണ്യപരവുമായ പ്രവർത്തനത്തിലൂടെ സാമൂഹിക വിശുദ്ധിയുടെ ചാലകശക്തികളായി മാറുകയാണ് ഇസ്ലാമിന്റെ ജീവിതരീതി. അത് നബിയുടെ ജീവിത-കർമ-ചിന്താ രീതികളാൽ മുദ്രിതമായതാണ്.

കാലം നിരവധി വ്യക്തിത്വങ്ങളെ ദർശിച്ചിട്ടുണ്ട്. അവരിൽ മതപരിഷ്കർത്താക്കളും തത്ത്വജ്ഞാനികളും കവികളും സാഹിത്യനായകന്മാരും രാഷ്ട്രതന്ത്രജ്ഞരും സൈനികമേധാവികളും ഉൾപ്പെടുന്നു . മുഹമ്മദ് നബി അവരിൽ നിന്നെല്ലാം വ്യത്യസ്തനായി നിലകൊള്ളുന്നു. മുഹമ്മദ് നബിയുടെ ബഹുമുഖവ്യക്തിത്വത്തെ സയ്യിദ് സുലൈമാൻ നദ്‌വി വിവരിക്കുന്നു: "ഭിന്നസാഹചര്യങ്ങളിലും മനുഷ്യവികാരങ്ങളുടെ അവസ്ഥാന്തരങ്ങളിലും കർമനിരതരായ എല്ലാ വിഭാഗം ജനങ്ങൾക്കും മാനദണ്ഡമായി സ്വീകരിക്കാവുന്ന ഒരു മാതൃക മുഹമ്മദിന്റെ ജീവിതത്തിൽ ദർശിക്കാം. നിങ്ങളൊരു ധനികനാണെങ്കിൽ മക്കയിലെ വർത്തകനും ബഹ്റൈനിലെ സമ്പത്തിന്റെ യജമാനനും ആയിരുന്ന മുഹമ്മദിൽ നിങ്ങൾക്ക് മാതൃകയുണ്ട്. നിങ്ങൾ ദരിദ്രനാണെങ്കിൽ ശഅ്ബു അബീത്വാലിബിലെ തടവുപുള്ളിയിലും മദീനാ അഭയാർഥിയിലും അതുണ്ട്. നിങ്ങളൊരു ചക്രവർത്തിയാണെങ്കിൽ അറേബ്യയുടെ ഭരണാധികാരിയായി വാണ മുഹമ്മദിനെ വീക്ഷിക്കുക! നിങ്ങളൊരടിമയാണെങ്കിൽ മക്കയിലെ ഖുറൈശികളുടെ മർദന പീഡനങ്ങൾ ഏറ്റുവാങ്ങിയ ആ മനുഷ്യനെ ശ്രദ്ധിക്കുക! നിങ്ങളൊരു ജേതാവാണെങ്കിൽ ബദ്റിലെയും ഹുനൈനിലെയും ജേതാവിനെ നോക്കുക! നിങ്ങൾക്കൊരിക്കൽ പരാജയം പിണഞ്ഞുവെങ്കിൽ ഉഹുദിൽ കുഴപ്പം പിണഞ്ഞ ആ മനുഷ്യനിൽനിന്ന് പാഠം പഠിക്കുക! നിങ്ങളൊരധ്യാപകനാണെങ്കിൽ സ്വഫാ കുന്നിലെ ആ ഉപദേശിയിൽനിന്ന് മാതൃകയുൾക്കൊള്ളുക! നിങ്ങളൊരു വിദ്യാർഥിയാണെങ്കിൽ ജിബ്രീലി(അ)ന്ന് മുമ്പിലുപവിഷ്ടനായ ആ ശിഷ്യനെ അനുകരിക്കുക! നിങ്ങളൊരു പ്രഭാഷകനാണെങ്കിൽ മദീനയിലെ പള്ളിയിൽ പ്രഭാഷണം നടത്തുന്ന ആ ധർമോപദേശിയുടെ നേരെ ദൃഷ്ടിതിരിക്കുക! സ്വന്തം മർദകരോട് കാരുണ്യത്തിന്റെയും സത്യത്തിന്റെയും സുവിശേഷം പ്രസംഗിക്കുവാൻ വിധിക്കപ്പെട്ടവരാണ് നിങ്ങളെങ്കിൽ മക്കയിലെ ബഹുദൈവാരാധകർക്ക് ദൈവിക സന്ദേശം വിവരിച്ചുകൊടുക്കുന്ന ഏകനായ ആ പ്രഭാഷകനെ വീക്ഷിക്കുക! ശത്രുവിനെ മുട്ടുകുത്തിച്ചവനാണ് നിങ്ങളെങ്കിൽ മക്കയിലെ ആ ജേതാവിനെ കണ്ടുപഠിക്കുക! നിങ്ങൾക്ക് സ്വന്തം ഭൂസ്വത്തും തോട്ടങ്ങളും പരിപാലിക്കേണ്ടതുണ്ടെങ്കിൽ, ഖൈബറിലെയും ഫദക്കിലെയും ബനുന്നദീറിന്റെയും തോട്ടങ്ങൾ എങ്ങനെ പരിപാലിക്കപ്പെട്ടു എന്ന് കണ്ടുപിടിക്കുക! നിങ്ങളൊരനാഥനാണെങ്കിൽ ഹലീമയുടെ കരുണാർദ്രതക്ക് വിട്ടുകൊടുക്കപ്പെട്ട ആമിനയുടെയും അബ്ദുല്ലയുടെയും ആ പിഞ്ചുകുഞ്ഞിനെ മറക്കാതിരിക്കുക! നിങ്ങളൊരു യുവാവാണെങ്കിൽ മക്കയിലെ ആ ഇടയബാലനെ നിരീക്ഷിക്കുക; നിങ്ങൾ വ്യാപാര യാത്രികൻ ആണെങ്കിൽ ബസ്വറയിലേക്കുപോകുന്ന സാർഥവാഹകസംഘത്തിന്റെ നായകന്റെ നേരെയൊന്ന് കണ്ണയക്കുക! നിങ്ങളൊരു ന്യായാധിപനോ മധ്യസ്ഥനോ ആണെങ്കിൽ പ്രഭാതം പൊട്ടിവിടരും മുമ്പേ വിശുദ്ധ കഅ്ബയിലെത്തി ഹജറുൽ അസ്‌വദ് യഥാസ്ഥാനത്ത് പൊക്കിവെക്കുന്ന ആ മധ്യസ്ഥനെ നോക്കുക, അല്ലെങ്കിൽ ധനവാനെയും ദരിദ്രനെയും തുല്യമായി വീക്ഷിക്കുന്ന ആ ന്യായാധിപനെ! നിങ്ങളൊരു ഭർത്താവാണെങ്കിൽ ഖദീജയുടെയും ആഇശയുടെയും ഭർത്താവായിരുന്ന മനുഷ്യന്റെ പെരുമാറ്റ രീതികൾ പഠിക്കുക! നിങ്ങളൊരു പിതാവാണെങ്കിൽ ഫാത്വിമയുടെ പിതാവും ഹസൻ-ഹുസൈൻമാരുടെ പിതാമഹനും ആയിരുന്നയാളുടെ ജീവിതകഥയിലൂടെ കണ്ണോടിക്കുക. ചുരുക്കത്തിൽ, നിങ്ങൾ ആരുമാകട്ടെ എന്തുമാകട്ടെ, നിങ്ങളുടെ ജീവിതപന്ഥാവിൽ വെളിച്ചംവിതറുന്ന ഉജ്ജ്വലമാതൃക അദ്ദേഹത്തിൽ നിങ്ങൾക്ക് ദർശിക്കാം" (*പ്രബോധനം* മുഹമ്മദ് നബി വിശേഷാൽപതിപ്പ്, പേജ് 173,174).

ഇരുപതാം നൂറ്റാണ്ടിലെ ക്ഷേമരാഷ്ട്രം എന്ന സങ്കൽപത്തിൽ മുഹമ്മദ് നബി ഏഴാം നൂറ്റാണ്ടിൽ തന്നെ എത്തിച്ചേർന്നിരുന്നതായി ആധുനിക ചരിത്രകാരന്മാർ അടയാളപ്പെടുത്തിയിട്ടുണ്ട്. ഒരു സമൂഹത്തിന്റെ ചലനാത്മകത സമത്വം, സാഹോദര്യം, നീതി, സ്വാതന്ത്ര്യം തുടങ്ങിയ അടിസ്ഥാന മാനവിക മൂല്യങ്ങളോടുള്ള അതിന്റെ സമീപനത്തെ നോക്കിയാണ് വിലയിരുത്തപ്പെടുന്നത്. ഇസ്ലാം മാനവികതയെ ഏറ്റവും സമൃക്കായ മാർഗരേഖയായി സ്വീകരിച്ചിട്ടുണ്ട്. ദൈവത്തിന്റെ ഏകത്വവും മാനവകുലത്തിന്റെ സാഹോദര്യവും താത്ത്വിക നിലപാടായി സ്വീകരിച്ചുകൊണ്ടുള്ള ഒരു പ്രപഞ്ചവീക്ഷണമാണ് അത് മുന്നോട്ടുവെക്കുന്നത്. പ്രവാചകന്റെ പ്രസിദ്ധമായ വിടവാങ്ങൽ പ്രസംഗം ഒരു മനുഷ്യാവകാശ പ്രഖ്യാപനം കൂടിയാണ്.

അവിടുന്ന് അരുൾചെയ്തു: "ജനങ്ങളേ, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളെല്ലാം ഒരേ പിതാവിന്റെയും മാതാവിന്റയും മക്കളാണ്. നിങ്ങളെല്ലാം ആദമിൽനിന്നുമാണ്. ആദം മണ്ണിൽനിന്നും. അതിനാൽ അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളോ ഒട്ടും ശ്രേഷ്ഠതയില്ല; ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ" ( ബുഖാരി). മനുഷ്യരെല്ലാം ഏകനായ ദൈവത്തിന്റെ സൃഷ്ടിയാണെന്നും ഒരേ മാതാവിന്റെയും പിതാവിന്റെയും മക്കളാണെന്നുമുള്ള പ്രഖ്യാപനം ദേശ-ഭാഷ-വംശ-ഗോത്ര കാഴ്ചപ്പാടുകൾക്കപ്പുറം വിശാലമാനവികതയിലേക്ക് കണ്ണയക്കാൻ മനുഷ്യ ധിഷണയെ പ്രേരിപ്പിക്കുന്നു. ആധുനിക നരവംശ ശാസ്ത്രവും ജനിതകശാസ്ത്രവും ഡി.എൻ.എ പഠനത്തിലൂടെ മനുഷ്യൻ പൊതുവായൊരു താഴ്‌വഴിയുടെ പിന്തുടർച്ചയാണെന്ന് കണ്ടെത്തിയിരിക്കെ, ഇസ്ലാമിന്റെ സാഹോദര്യ വീക്ഷണത്തിന് ഈ ഉത്തരാധുനിക യുഗത്തിൽ ഏറെ പ്രസക്തിയുണ്ട്. ദൈവിക മാർഗദർശന ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നമ്മുക്കിങ്ങനെ വായിക്കാം: ''മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്" (49:13). ശ്രേഷ്ഠതയുടെ ഏക മാനദണ്ഡം ദൈവഭക്തിയും സൂക്ഷ്മതയുമാണെന്ന പ്രഖ്യാപനം ആധുനിക ദേശീയ വംശീയ ചിന്താധാരക്കുമപ്പുറം ചിറകുവിടർത്തിപ്പറക്കാൻ മാനവതക്ക് കരുത്തുപകരുന്നു. വെളിപാടിലൂടെ നിറഞ്ഞൊഴുകുന്നത് മാനവ ഐക്യത്തിന്റ സംഗീതമാണ് .

മനുഷ്യരെല്ലാം ഏകോദര സഹോദരന്മാരാണെന്ന പ്രഖ്യാപനത്തിലൂടെ ഇസ്ലാം മനുഷ്യ അന്തസ്സിനെ ഉയർത്തിപ്പിടിക്കുകയാണ് ചെയ്യുന്നത്. മനുഷ്യ അന്തസ്സിനെ കുറിച്ചുള്ള വ്യാകുലതയാണ് ആധുനിക മാനവികവാദത്തിന് തുടക്കമിട്ടത്. എഴാം നൂറ്റാണ്ടിൽ തന്നെ ഇസ്ലാം അത്തരം അശുഭ ചിന്തകളെ മറിക

**മനുഷ്യരെല്ലാം ഏകോദര സഹോദരന്മാരാണെന്ന പ്രഖ്യാപനത്തിലൂടെ ഇസ്‌ലാം മനുഷ്യ അന്തസ്സിനെ ഉയർത്തിപ്പിടിക്കുകയാണ് ചെയ്യുന്നത്. മനുഷ്യ അന്തസ്സിനെ കുറിച്ചുള്ള വ്യാകുലതയാണ് ആധുനിക മാനവികവാദത്തിന് തുടക്കമിട്ടത്. എഴാം നൂറ്റാണ്ടിൽ തന്നെ ഇസ്‌ലാം അത്തരം അശുഭ ചിന്തകളെ മറികടന്നിരുന്നു.**

ടന്നിരുന്നു. ഖുർആൻ പറയുന്നു: "നിശ്ചയമായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു" (2:29 ). ദൈവം തമ്പുരാൻ ബഹുമാനിച്ച ആദരണീയനായ മനുഷ്യനെ ദൈവവിരുദ്ധമായ മായികദർശനങ്ങളാണ് ചങ്ങലയിൽ ബന്ധിച്ചത്. അത്തരം ബന്ധനങ്ങൾക്കെതിരെ ഉയർത്തിയ ദാർശനിക പ്രതികരണമെന്ന നിലയിൽ മാനവികതാവാദം ചരിത്രപരമായൊരു അനിവാര്യതയായിരുന്നു. ഇസ്‌ലാം ഉയർത്തിയ മാനവികത കേവലം ഭൗതികതയിൽ മാത്രം ഊന്നിയുള്ളതായിരുന്നില്ല. അത് അനുപമവും സമഗ്രവുമായിരുന്നു. പ്രശസ്ത ഇസ്‌ലാമിക ചിന്തകൻ അലീജാ അലി ഇസ്സത്ത് ബെഗോവിച്ച് മാനവികതയെ കുറിച്ച് പറഞ്ഞത്: "ജീവശാസ്ത്രം , മനഃശാസ്ത്രം അല്ലെങ്കിൽ മറ്റേതെങ്കിലും ശാസ്ത്രങ്ങൾ ഇവക്കൊന്നും മനുഷ്യന്റെ അന്തസ്സ് കണ്ടെത്താൻ കഴിയില്ല. മനുഷ്യന്റെ അന്തസ്സ് ആത്മീയ പ്രശ്നമാണ്" (*ഇസ്‌ലാം രാജമാർഗം*, പേജ് 72) എന്നാണ്. ഭൗതിക പ്രധാനമായ ശാസ്ത്രം ഘടനാപരവും രേഖീയവുമാണ്. അമൂർത്തമായതിനെ കുറിച്ച് അതിന് കൂടുതലൊന്നും പറയാൻ കഴിയില്ല. ആറ്റംബോംബ് നിർമിക്കാൻ ശാസ്ത്രത്തിനു കഴിയും. അത് മനുഷ്യരുടെ തലക്കു മുകളിൽ വർഷിക്കരുതെന്നു പറയാൻ ശാസ്ത്രത്തിൽ സമവാക്യങ്ങളില്ല. ഇവിടെ മാനവികത ശാസ്ത്രവുമായി വേർപിരിയുന്നു. മാനവികതഒരേ സമയം വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമാണ്.

സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും അടിത്തറയിൽ ഭദ്രമായ ഒരു സമൂഹ സൃഷ്ടി സാധിച്ചെടുക്കുന്നതിൽ പ്രവാചകൻ വിജയിച്ചു. മുഹമ്മദ് നബിയുടെ ജീവിതം വിശകലനം ചെയ്യുന്ന ഏതൊരാളെയും അത്ഭുതപ്പെടുത്തുന്ന വസ്തുതയാണത്. അതുകൊണ്ടാണ് ലോകപ്രശസ്ത ബ്രിട്ടീഷ് നാടകാചാര്യനായിരുന്ന ബർണാഡ് ഷാ ഇങ്ങനെ അഭിപ്രായപ്പെട്ടത് "മുഹമ്മദിനെപോലുള്ള ഒരു വ്യക്തിയിൽ ലോകത്തിന്റെ പരമാധികാരം ഏൽപിക്കുകയാണെങ്കിൽ അദ്ദേഹം അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വിജയിക്കുകയും അത് നമുക്ക് ആവശ്യമായ ശാന്തിയും സന്തോഷവും കൊണ്ടുവരികയും ചെയ്യുമായിരുന്നു." തിരുനബി വെളിപാടിന്റെ വചനസാക്ഷ്യം മാത്രമായിരുന്നില്ല. അവയുടെ കർമസാക്ഷ്യം കൂടിയായിരുന്നു. മദീനയിലെ ഇസ്‌ലാമികസമൂഹം ലോകചരിത്രത്തിൽ അന്യാദൃശ്യമായിരുന്നു. മക്കയിൽ നിന്നെത്തിയവർ അഭയാർഥികൾ എന്ന അർഥത്തിൽ മുഹാജിറുകൾ എന്നും, മദീനാവാസികൾ സഹായികൾ എന്ന അർഥത്തിൽ അൻസ്വാറുകൾ എന്നും അറിയപ്പെട്ടു. ആധുനിക കാലഘട്ടത്തിൽ ദേശീയതയുടെയും വംശീയതയുടെയും കരിനിഴലുകൾക്കിടയിൽ നഷ്ടപ്പെട്ടു പോകുമായിരുന്ന വ്യത്യസ്തമായ രണ്ടു സാമൂഹിക ധാരകളെ സാഹോദര്യത്തിന്റെ ഈടുറപ്പുള്ള മൂശയിൽ നബി(സ) വാർത്തെടുത്തു. യഥാർഥ സഹോദരരെ പോലെ അവർ ജീവിത വ്യവഹാരങ്ങളിൽ തുല്യ പങ്കാളികളായിത്തീർന്നു. ദേശ-വംശ-ഗോത്ര കക്ഷിത്വത്തിന്റെ പേരിൽ ഏതെങ്കിലും ഒരു വിഭാഗത്തെ അന്യായമായി പിന്തുണക്കുന്നതാണ് വർഗീയത. സമത്വത്തിനും സാഹോദര്യത്തിനും മാനവികതക്കും വിരുദ്ധമാണത്. നബി പറഞ്ഞു: "വർഗീയതയിലേക്ക് ക്ഷണിക്കുന്നവൻ നമ്മിൽപെട്ടവനല്ല. വർഗീയതയുടെ മാർഗത്തിൽ മരിച്ചവനും നമ്മിൽപെട്ടവനല്ല" (അബൂദാവൂദ്). നവകൊളോണിയലിസത്തിന്റെ കാലത്ത് പ്രവാചകവചനത്തിന്റ പൊരുൾ എളുപ്പം തിരിച്ചറിയപ്പെടുന്നതാണ്. വിവിധ രാജാക്കന്മാരെ പരസ്പരം പിണക്കിയും കക്ഷിചേർത്തും കരാറുകൾ ചുട്ടെടുത്തും ഭൂഖണ്ഡങ്ങളിൽ ആധിപത്യം ഉറപ്പിച്ച പഴയ സാമ്രാജ്യത്വം പുതിയ കാലത്ത് പുതിയ ഭാവത്തിലും രൂപത്തിലും പ്രത്യക്ഷ്യപ്പെട്ടിരിക്കുന്നു. അമേരിക്കൻ വിദേശകാര്യ വകുപ്പ് പുറത്തിറക്കിയ ഹണ്ടിംഗ്ടന്റെ *സംസ്കാരങ്ങളുടെ സംഘർഷം* സൂക്ഷ്മാർഥത്തിൽ പഴയ സാമ്രാജ്യത്വ തന്ത്രത്തിന്റെ തനിയാവർത്തനം മാത്രമാണെന്നു കാണാം . വിവിധ സംസ്കാരങ്ങളെ തമ്മിലടിപ്പിച്ച് സ്വന്തം ഇടം ഉറപ്പിക്കുക. മാനവികതയിൽ ഊന്നിയ ഒരു ദർശനത്തിനു മാത്രമേ നവകൊളോണിയലിസത്തെ ഫലപ്രദമായി ചെറുക്കാൻ കഴിയൂ.

പ്രവാചകന്റെ സമൂഹത്തിൽ പേർഷ്യക്കാരനായ സൽമാനുൽ ഫാരിസിയും അറബിയായ ഗിഫാർ ഗോത്രജനായ അബൂദർറും സഹോദരരായിരുന്നു. അബ്സീനിയൻ നീഗ്രോ അടിമയായിരുന്ന ബിലാലും റോമൻ സാംസ്കാരികധാരയിൽ നിന്നു കടന്നുവന്ന ശുഐബും സഹോദരരായി. പരസ്പരമുള്ള സംബോധനത്തിൽ പോലും സാഹോദര്യബോധം കാത്തുസൂക്ഷിക്കാൻ പ്രവാചകൻ അവരോട് നിഷ്കർഷിച്ചിരുന്നു. ചരിത്രകാരനായ ആർനോൾഡ് ടോയൻബി എഴുതി: "മുസ്‌ലിംകൾക്കിടയിലെ വർഗീയ വികാരത്തിന്റെ കുറവ് ഇസ്‌ലാമിന്റെ ഏറ്റവും മികച്ച സംഭാവനയാണ്. ഇന്ന് ഈ ഇസ്‌ലാമിക നന്മ നമുക്ക് ആവശ്യമായിത്തീർന്നിരിക്കുന്നു" (*Civilization on trial* p. 205 ). ഫിലിപ്പ് കെ. ഹിറ്റിയുടെ വാക്കുകൾ കാണുക: "വർഗം, നിറം, ദേശീയത എന്നീ വികാരങ്ങളെ ഭേദിക്കുന്നതിൽ ഏറെ വിജയിച്ച മതം ഇസ്‌ലാമാണ്" (*History of the Arabs*. p 121) സർവാതിശയിയായ ഇസ്‌ലാമിക സവിശേഷതയെ തലമുറകൾ തിരിച്ചറിയും. കാരണം ഇസ്‌ലാമിക ദർശനത്തിന്റെ ചലനാത്മകത ദൈവികമാണ്.

സൃഷ്ടിക്കും സ്രഷ്ടാവിനും ഇടയിൽ മാർഗതടസമായി നിൽക്കുന്ന അന്ധവിശ്വാസങ്ങളിൽ പ്രധാനപ്പെട്ടത് പൗരോഹിത്യമാണ്. അതാണ് മതത്തിൽ ആൾദൈവങ്ങൾക്ക് വാതിൽ തുറന്നു കൊടുക്കുന്നത്. മാനവകുലത്തിന്റെ വിമോചകനായ പ്രവാചകൻ പ്രഖ്യാപിച്ചു: "ഇസ്‌ലാമിൽ പൗരോഹിത്യമില്ല" (ബുഖാരി). പൗരോഹിത്യത്തെ സൃഷ്ടിക്കുന്നത് സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായ മതത്തിലെ ആരാധനാ രീതികളാണ്. സൃഷ്ടിക്കും സ്രഷ്ടാവിനുമിടയിൽ ഒരു മധ്യവർത്തിയുടെ സാന്നിധ്യം ആവശ്യമില്ലെന്നു വെളിപ്പെടുത്തിയ ഇസ്‌ലാം ഏവർക്കും സുഗ്രാഹ്യമായ ലളിതമായ ആരാധനകളാണ് മുന്നോട്ടുവെച്ചത്. പ്രത്യേക ആരാധനകളില്ല, സമൂഹത്തിന്റെ തുല്യമായ പങ്കാളിത്തത്തോടെ ആചരിക്കേണ്ട പൊതു പ്രാർഥനാ രീതികളേ ആവശ്യമുള്ളൂ. പരസ്പരം പങ്കുവെക്കുക എന്ന ജനകീയ സ്വഭാവം ഇസ്‌ലാമിന്റെ ആരാധനാരീതി ചരിത്രത്തി

ലാദ്യമായി മതത്തിന്റെ വൃത്തത്തിൽ നിന്ന് പൗരോഹിത്യത്തെ പുറത്താക്കി. ഫലത്തിൽ ഇസ്‌ലാം പുരോഹിത മതത്തിൽ നിന്ന് വ്യത്യസ്തമായി ജനങ്ങളുടെ മതമായിത്തീർന്നു.

പ്രവാചകത്വമെന്നത് മനുഷ്യപ്പറ്റുള്ളതാണ്. മനുഷ്യനോടുള്ള ദൈവകാരുണ്യത്തിന്റെ അടയാളം. കർമഭൂമിയിൽ നബി തിരുമേനി തനിക്കുള്ള പങ്ക് ഒരിക്കലും വിസ്മരിച്ചിരുന്നില്ല. പ്രവാചകനും സംഘവും ഒരു യാത്രക്കിടയിൽ വിശ്രമത്തിനായി ഒരിടത്ത് താവളമടിച്ചു. പാചകംചെയ്യാൻ തീരുമാനിച്ചു. കൂടിയാലോചനക്കുശേഷം ഓരോരുത്തരും ഓരോ കാര്യം ചെയ്യാമെന്നേറ്റു. അവസാനം പ്രവാചകന്റെ ഊഴമെത്തിയപ്പോൾ അവിടുന്ന് പറഞ്ഞു: "വിറക് ശേഖരിച്ചു കൊണ്ടുവരുന്നത് എന്റെ ചുമതലയായിരിക്കും." "വേണ്ട, അതു ഞങ്ങൾ ചെയ്തുകൊളളാം" എന്ന് അനുചരർ ഓർമിപ്പിച്ചപ്പോൾ പ്രവാചകൻ അതംഗീകരിച്ചില്ല. അവിടുന്നു പറഞ്ഞു: "നിങ്ങൾക്ക് അതും ചെയ്യാൻ കഴിയുമെന്ന് എനിക്കറിയാം. ഞാൻ എന്നെ നിങ്ങളേക്കാൾ ഉയർന്നവനായി കാണുന്നില്ല." തുടർന്ന് നബി തിരുമേനി തന്നെ വിറക് ശേഖരിച്ചുകൊണ്ടുവരികയും ചെയ്തു. ജീവിതത്തിന്റെ കാൽപനികതയിലോ മിത്തുകളിലോ അല്ല അവർ പ്രവാചകനെ കണ്ടത്, പച്ചയായ യാഥാർഥ്യങ്ങളിലാണ്. പ്രവാചകനോടുള്ള അനുസരണ പ്രതിജ്ഞ സ്വഛവും നൈസർഗികവുമാണ്. കവിയും ദാർശനികനുമായ അല്ലാമ ഇഖ്ബാലിന്റെ വാക്കുകൾ സ്മരണീയമാണ്: "പ്രവാചക അധ്യാപനങ്ങളഖിലം മനുഷ്യ പ്രകൃതിയോട് ഇണങ്ങുന്നവയാണ്. അതായത്, ആ പ്രവാചകനെ അനുധാവനം ചെയ്യുന്ന വ്യക്തി തന്റെ ശരിയായ പ്രകൃതിയെ സാക്ഷാത്കരിക്കുകയാണ് ചെയ്യുന്നത്. ജീവിതത്തിന്റെ അഗാധതലങ്ങളിൽനിന്നും ജന്മം കൊള്ളുന്ന വിധിവിലക്കുകളാണ് പ്രവാചകൻ(സ) നൽകിയതെന്ന് അതിന്റെ തത്വങ്ങളുടെ പ്രകൃതി സാക്ഷ്യപ്പെടുത്തുന്നു. മാനവന്റെ നൈസർഗികത പൂർണമായും സംരക്ഷിക്കുന്ന ഈ നിയമസംഹിത ഭരണകൂടങ്ങൾ നമുക്കുമേൽ അടിച്ചേൽപിച്ചതല്ല. അതനുസരിച്ച് പ്രവർത്തിക്കാൻ ഏതെങ്കിലും ഭൗതിക ശക്തിയോടുള്ള ഭയപ്പാട് നമ്മെ നിർബന്ധിച്ചിട്ടുമില്ല" (*അല്ലാമാ ഇഖ്ബാലിന്റെ ലേഖനങ്ങൾ*, പേജ് 44).

സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവപോലെ ജീവൽപ്രധാനമാണ് നീതിബോധം. നീതിബോധമുള്ള ഒരു സമൂഹത്തിനുമാത്രമേ കാലത്തിന്റെ തേട്ടങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ കഴിയൂ. നീതിയുടെ അളവുകോൽ തുല്യവും നിഷ്പക്ഷവുമായിരിക്കുമ്പോൾ മാത്രമേ അത് സമൂഹത്തിന്റേതായിത്തീരൂ. അങ്ങനെയുള്ള നീതി ദൈവഭക്തിയോട് ഏറ്റവും അടുത്തു നിൽക്കുന്നതായി ഖുർആൻ പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നിലകൊള്ളുന്നവരും നീതിക്കു സാക്ഷ്യംവഹിക്കുന്നവരും ആയിരിക്കുക. ഒരു ജനതയോടുള്ള വിദ്വേഷം അവരോട് അനീതി പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമനിഷ്ഠയോട് ഏറ്റവും അടുത്തത്" (5:8). നീതിപാലനത്തിൽ ഒരാൾ ഏത്രമാത്രം നിഷ്കർഷനായിരിക്കണമെന്ന് പ്രവാചകന്റെ വാക്കുകളിൽനിന്ന് നമുക്ക് ഗ്രഹിക്കാം. അദ്ദേഹം പറഞ്ഞു: "കോപാകുലനായിരിക്കെ ഒരു ന്യായാധിപനും രണ്ടുപേർക്കിടയിൽ വിധി കൽപിക്കരുത്" (ബുഖാരി). മറ്റൊരിക്കൽ അദ്ദേഹം ഉണർത്തി: "മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് കട്ടതെങ്കിൽ ഞാനവളുടെ കരം ഛേദിക്കും, തീർച്ച." ഇസ്‌ലാമിന്റെ സർവകാലികത അതിന്റെ നീതിബോധത്തിലാണ് നിലനിൽക്കുന്നത്.

മനുഷ്യാവസ്ഥയുടെ സമഗ്രതയിൽ അധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടിക്കുവേണ്ടി ചരിത്രത്തിലൂടെ നടത്തിയ അന്വേഷണത്തിന്റെ ഫലമാണ് ഇസ്‌ലാം. സാമൂഹിക സ്വത്വബോധത്തിന്റെ പൂർത്തീകരണം അതിലൂടെ വിജയംകണ്ടു. അങ്ങനെ പ്രവാചകത്വ പരിസമാപ്തി ചരിത്രപരമായ ഒരു അനിവാര്യതകൂടിയാണ്. മനുഷ്യനോടുള്ള ദൈവകാരുണ്യത്തിന്റെ പൂർണത. ഇരുപത്തിമൂന്ന് വർഷത്തെ ജീവിതത്തിലൂടെ സമ്പൂർണ മാനവികതയിൽ സംവിധാനിച്ച ഒരു സമൂഹം നബിതിരുമേനി ഭൂമിയിൽ സാധ്യമാക്കി. അവിടെ അസമത്വങ്ങളുടെ അടിവേരറുക്കപ്പെട്ടു. കൽപിത ഛായക്കൂട്ടുകൾ ഒലിച്ചുപോയി. സാഹോദര്യത്തിന്റെ സൗന്ദര്യബോധത്താൽ സ്വതന്ത്രമായ സമൂഹം നിലവിൽവന്നു. ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചുനടന്ന ഒരു സമൂഹം ലോകത്തിന്റെ കടിഞ്ഞാൺ പിടിക്കുന്നവരായി.

ലോകം പല വിപ്ലവങ്ങൾക്കും സാക്ഷ്യംവഹിച്ചിട്ടുണ്ട്. ചരിത്രത്തിൽ മഹാപ്രസ്ഥാനങ്ങൾ പലതും കഴിഞ്ഞുപോയിട്ടുണ്ട്. അവയുടെയൊന്നും നായകന്മാർക്ക് തങ്ങളുടെ സിദ്ധാന്തങ്ങളുടെ പൂർത്തീകരണംവരെ കാത്തിരിക്കാൻ കഴിഞ്ഞില്ല. ബുദ്ധന്റെ കാലശേഷം അശോക ചക്രവർത്തിയുടെ കാലത്താണ് ബുദ്ധമതം ഒരു ലോകമതമായി വളർന്നത്. യഹൂദ സിനഗോഗുകളിൽ ഉദ്ബോധനവും ശുശ്രൂഷയും നൽകി സഞ്ചരിച്ചിരുന്ന യേശുവിന്റെ കാലശേഷം സിറിയയിലെ അന്തോകിയയിൽ വെച്ചാണ് നസ്രായേർ എന്ന വ്യതിരിക്തതയോടെ ക്രിസ്തുമതം തിരിച്ചറിയപ്പെടുന്നത്. അതിനും വളരെ വൈകി റോമൻ അധികാര വാഴ്ചയുടെ തണലിലാണ് ക്രിസ്തുമതം ഒരു ലോകമതമായിത്തീർന്നത്. ഭൗതിക ദർശനമായ കമ്യൂണിസത്തിന്റെ ഗതിയും തഥൈവ. കാൾ മാക്സിനുശേഷം ഒരു വ്യാഴവട്ടം കഴിഞ്ഞ് ലെനിന്റെ കാലത്താണ് റഷ്യയിൽ കമ്യൂണിസ്റ്റ് വിപ്ലവം നടക്കുന്നതും തൊഴിലാളി വർഗത്തിന്റെ പേരിൽ ഒരു ഭരണകൂടം നിലവിൽ വരുന്നതും. എന്നാൽ ഇവരിൽ നിന്നെല്ലാം വ്യത്യസ്തമായി മുഹമ്മദ് നബിയിലൂടെ വെളിപ്പെട്ട ഇസ്‌ലാമിക ദർശനം തിരുനബിയുടെ ജീവിത കാലത്തുതന്നെ അറേബ്യൻ ഉപദ്വീപിനെ കീഴടക്കുകയും ലോകത്തിന്റെ വൻകരകളിലേക്ക് വ്യാപിക്കാൻ തുടങ്ങുകയും ചെയ്തിരുന്നു. ലോകചരിത്രത്തിലെ വിസ്മയകരമായ ഈ വസ്തുത മുഹമ്മദ് നബിയുടെ ദൈവനിയോഗ ദൗത്യത്തിനുള്ള ഉൽകൃഷ്ട സാക്ഷ്യമാണ്. ■